ഇന്നത്തെ പാശ്ചാത്യ ചിത്രകലാ പ്രസ്ഥാനങ്ങൾ II

കേസരി ബാലകൃഷ്ണപിള്ള

ഇന്നത്തെ പാശ്ചാത്യ ചിത്രകലാ
പ്രസ്ഥാനങ്ങൾ II
കേസരി ബാലകൃഷ്ണപിള്ള
(മലയാളം: ലേഖനം)

© 2021, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

French: “Gardanne”, a painting by Paul Cézanne (1839–1906). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഇന്നത്തെ പാശ്ചാത്യ ചിത്രകലാ പ്രസ്ഥാനങ്ങൾ II

പോസ്റ്റ് ഇംപ്രഷണിസം: പോൾ സെസൻ

ആപ്പിൾ കൊട്ട, പോൾ സേസൻ.



പോൾ സേസൻ

ദൃശ്യത്തിന്റെ പ്രത്യക്ഷമായ രൂപമല്ല, പിന്നെയോ ഭാവന കൊണ്ടോ മനസ്സുകൊണ്ടോ അനുഭവം കൊണ്ടോ താൻ ദർശിക്കുന്നതോ, അറിയുന്നതോ ആയ രൂപമാണ് തന്റെ പ്രത്യേകമായ സാങ്കേതികമാർഗ്ഗം മുഖേന ഒരു ചിത്രകാരൻ ചിത്രീകരിക്കേണ്ടതെന്നാണ് പോസ്റ്റ് ഇംപ്രഷണിസത്തിന്റെ മൗലികതത്വമെന്ന് സാമാന്യമായി പറയാവുന്നതാണ്. ഈ സിദ്ധാന്തമാണ് പൗരസ്ത്യകലയുടെ മൗലികത്വം എന്നുകൂടി ഇവിടെ ഓർമ്മിക്കണം. ഇംപ്രംഷണിസ്റ്റ് പ്രസ്ഥാനത്തിന്റെ രീതിയെ പ്രതിഷേധിച്ചതിൽ നിന്ന് ജനിച്ചതായ പോസ്റ്റ് ഇംപ്രഷണിസം എന്ന പ്രസ്ഥാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മുകളിൽ പറഞ്ഞ പല പ്രസ്ഥാനങ്ങളിലും മൂന്ന ഘടകങ്ങൾ പൊതുവായി കാണാവുന്നതാണ്. ഡ്രോയിങ്ങിന്റെ ലഘൂകരണം ദൃശ്യത്തിന്റെ പ്രത്യക്ഷമായ ഛായ വരുത്തരുതെന്നുള്ള വിചാരം, ചിത്രം പ്രേക്ഷകരെ ഹഠാദാഹർഷിക്കണം എന്ന ആഗ്രഹത്തെ സഫലീകരിക്കാനുള്ള വിദ്യകൾ എന്നിവയാണ് പ്രസ്തുത ഘടകങ്ങൾ. പോസ്റ്റ് ഇംപ്രഷണിസത്തിന്റെ സ്ഥാപകർ പോൾ സേസൻ, (1839–1906), പോൾ ഗോഗിൻ (1857–1903), വിൻസെന്റ് വൻഗോഗ് (1858–1890) എന്നീ ഫ്രഞ്ച് ചിത്രകാരന്മാരാണ്. ഈ പ്രസ്ഥാനത്തിൽ പെട്ടവരും, ഇന്നും ജീവിച്ചിരിക്കുന്നവരുമായ രണ്ടു അതിപ്രധാനികളായ ചിത്രകാരന്മാർ 1862-ൽ ജനിച്ച ഹെന്റി മതീസ് എന്ന ഫ്രഞ്ചുകാരനും, 1880-ൽ ജനിച്ച പാബ്ലോ പിക്കാസോ എന്ന സ്പെയിൻകാരനുമാണ്. പോസ്റ്റ് ഇംപ്രഷണിസം എന്ന സാമാന്യനാമത്തിലുൾപ്പെടുന്ന പല ഉപപ്രസ്ഥാനങ്ങളിലെ നായകന്മാരുടെ പേരുകളും മറ്റും അവയെ വിവരിക്കുമ്പോൾ പ്രസ്താവിക്കുന്നതാണ്.

മാർൺ നദിയിലെ പാലം, പോൾ സേസൻ.

പോൾ സേസൻ



ലയോണൽ ഫെയ്നിംഗർ

നീളം, വീതി എന്ന പഴയ രണ്ടു പരിമാണങ്ങൾക്ക് പുറമേ ഘനം എന്ന മൂന്നാമത്തെ പരിമാണം കൂടി ചിത്രകലയിൽ കൊണ്ടുവന്നതാണ് സേസന്റെ ലോകപ്രസിദ്ധിയ്ക്ക് ഒരു കാരണം. വെളിച്ചത്തിന്റെ വിളയാട്ടങ്ങളെപ്പോലെയുള്ള പ്രകൃതിയുടെ ക്ഷണികങ്ങളായ ഭാവങ്ങളെയല്ല, പിന്നെയോ, പ്രകൃതിയുടെയും സാധനങ്ങളുടെയും സ്ഥായിയായ ഭാവങ്ങളെയാണ് ഒരു ചിത്രകാരൻ ചിത്രീകരിക്കേണ്ടതെന്നായിരുന്നു സേസന്റെ വിശ്വാസം. ഇതിനുവേണ്ടി ചിത്രങ്ങളിൽ ഘനം ധ്വനിപ്പിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. ഈ ഘനം ധ്വനിപ്പിക്കുന്നതിനുള്ള മാർഗ്ഗമായി അദ്ദേഹം കോണുകൾ കാണിക്കുന്ന ക്യൂബിക് രൂപങ്ങളെ തന്റെ ചിത്രത്തിൽ കൊണ്ടുവന്നു. ഈ മാർഗ്ഗത്തെ ഇങ്ങനെ വിശദീകരിക്കാം. അദ്ദേഹം ഒരു മനുഷ്യന്റെ മുഖം വരയ്ക്കുന്നു എന്നു വിചാരിക്കുക. അപ്പോൾ ആ മുഖത്തിന്റെ ഉപരിതലത്തെ അദ്ദേഹം ത്രികോണങ്ങൾ, റെക്ടാംഗിൾസ് മുതലായ കോണുകളുള്ള പല ക്ഷേത്രഗണിത രൂപങ്ങളായി ഭാഗിച്ച് ഈ വിഭജനങ്ങളെ പ്രത്യക്ഷപ്പെടുത്തത്തക്കവണ്ണം ആ മുഖത്തെ ചിത്രീകരിക്കുന്നതാണ്. സേസന്റെ ഈ മാർഗ്ഗത്തെ അദ്ദേഹത്തിന്റെ സുപ്രസിദ്ധനായ ശിഷ്യൻ പികാസോ പർവ്വതീകരിച്ച് ചിത്രങ്ങൾ വരച്ചു തുടങ്ങിയപ്പോൾ ആ ചിത്രങ്ങൾ ക്യൂബിസം എന്ന മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഒരു ഉപപ്രസ്ഥാനത്തെ ജനിപ്പിക്കുകയും ചെയ്തു. ഒരു തത്വത്തിന്റെ പർവ്വതീകരണം ആ തത്വത്തിന്റെ സാമാന്യരൂപത്തെ നല്ലപോലെ പ്രത്യക്ഷപ്പെടുത്തുന്നതാണ്. ഈ പരമാർത്ഥത്തെ ആസ്വദിച്ച്, സേസന്റെ പ്രസ്തുത മാർഗ്ഗത്തിന്റെ സ്വഭാവം പ്രത്യക്ഷപ്പെടുത്തുവാനായി ഒരു ക്യൂബിസ്റ്റ് ചിത്രത്തിന്റെ ഏകദേശഛായ ഒന്നാമത്തെ പടമായി ഇതിനോടുകൂടി ചേർത്തിരിക്കുന്നു. ഇന്നത്തെ ഒരു നല്ല ക്യൂബിസ്റ്റ് ചിത്രകാരനായ ലയോണൽ ഫെയ്നിംഗർ എന്ന ജർമ്മന്റെ "മഴവില്ല്-II" എന്ന ചിത്രത്തിന്റെ ഛായയാണിതിൽ ചേർത്തിരിക്കുന്നത്. സാധനങ്ങളുടെ ഉപരിതലങ്ങളെ കോണുകളുള്ള ത്രികോണാദികളായ ക്ഷേത്രഗണിത രൂപങ്ങളായി ഭാഗിച്ചിരിക്കുന്നത് ഇതിൽ കാണാവുന്നതാണ്.



മഴവില്ല്-II, ലയോണൽ ഫെയ്നിംഗർ.



പോൾ ഗോഗിൻ

സാദൃശ്യം നൽകുവാനല്ല, ഡിസൈനിന്റെ ഒരു ഘടകമായി മാത്രമാണ്—അതായത്, ദൃഷ്ടിയിൽ ഘനം തോന്നിപ്പിക്കാനല്ല, മനസ്സിൽ ഘനത്തിന്റെ ബോധം ധ്വനിപ്പിക്കുവാൻ മാത്രമാണ്—സേസൻ ഘനം എന്ന പരിമാണത്തെ ചിത്രകലയിൽ കൊണ്ടുവന്നിട്ടുള്ളത്. ഇതിലാണ് ഇംപ്രഷണിസ്റ്റ് ചിത്രകാരന്മാരുടെ കൃതികൾക്കും സേസന്റെ കൃതികൾക്കും തമ്മിലുള്ള ഒരു പ്രധാന വ്യത്യാസം സ്ഥിതി ചെയ്യുന്നതും. ചിത്രമെഴുത്തിലെ ഡിസൈൻ എന്ന ഘടകത്തെ സാഹിത്യത്തിലെ പദ്യത്തോട് (കാവ്യത്തോടല്ല) സാദൃശ്യപ്പെടുത്താം. ഗദ്യം ഓർമ്മിക്കുന്നതിനെക്കാളെളുപ്പത്തിൽ പദ്യം ഓർമ്മിപ്പിക്കാമല്ലോ. അതു പിലെ ഡിസൈനിൽ ശ്രദ്ധ പതിപ്പിച്ചിട്ടുള്ള ചിത്രത്തേയും ഓർമ്മിപ്പിക്കുവാൻ എളുപ്പമാണ്. പൗരസ്ത്യകലയിൽ ഘനത്തിൽ ശ്രദ്ധ പതിപ്പിക്കാറില്ല. എന്നാൽ പാശ്ചാത്യ ചിത്രകലയിലാകട്ടെ ഘനം പ്രാചീന കാലം മുതൽക്ക് ഒഴിച്ചുകൂടാത്ത ഒരു ഘടകമായിരുന്നു. എണ്ണച്ചായത്തിന്റെ ഉപയോഗം മദ്ധ്യകാലങ്ങളിൽ യൂറോപ്പിൽ കണ്ടുപിടിച്ചതോടുകൂടി, അവിടെ ഘനത്തിന്റെ ചിത്രീകരണം സാദൃശ്യം സൃഷ്ടിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി ഭവിച്ചു. ഡിസൈനിന്റെ ഒരു ഘടകമെന്ന നില അതിനിപ്പോൾ നഷ്ടമായി. വെളിച്ചത്തിന്റെയും അന്തരീക്ഷത്തിന്റെയും ഫലങ്ങളിൽ മാത്രം ഇംപ്രഷണിസ്റ്റ് ചിത്രകാരന്മാർ ശ്രദ്ധ പതിപ്പിച്ചിരുന്നതിനാൽ, ഡിസൈനിന്റെ ഒരു ഘടകമായോ, സാദൃശ്യം വരുത്തുവാനോ അവർ ഘനത്തെ ഉപയോഗിച്ചിരുന്നില്ല.

സേസന്റെ "അന്നെസി കായൽ"



അന്നെസി കായൽ, പോൾ സേസൻ.



വിൻസെന്റ് വൻഗോഗ്

ലണ്ടനിലെ നാഷനൽ ഗാലറിയിലുള്ള സേസന്റെ 'അന്നെസി കായൽ' എന്ന ഭൂഭാഗ ചിത്രമെഴുത്ത് അദ്ദേഹത്തിന്റെ കലാരീതി വർണ്ണിക്കാം. ഒരു കായലിന്റെ കരയിൽ നിൽക്കുന്നതും തടിക്കു വളരെ ഘനമുള്ളതുമായ ഒരു വൃക്ഷത്തിന്റെ ശാഖകൾ പൊട്ടിപ്പുറപ്പെടുന്ന ഭാഗം വരെയുള്ള ഭാഗത്തെയും, ആ വൃക്ഷത്തിന്റെ ശാഖയുടെ കീഴിലായും കായലിന്റെ കരയിലായും സ്ഥിതിചെയ്യുന്ന രണ്ടു ഭവനങ്ങളേയും, ഈ ഭവനങ്ങളുടെ പിറകിലായി അകലെ സ്ഥിതിചെയ്യുന്ന ഒരു പർവ്വതത്തെയുമാണ് ഇതിൽ ചിത്രീകരിച്ചിരിക്കുന്നത്. കായലിന്റെ ഇടതുവശത്തുള്ള വൃക്ഷത്തിന്റെ തടിയുടെ ഭൂരിഭാഗത്തിനും കട്ടപ്പുമേറിയ ഇരുണ്ട നിറവും, ശേഷിച്ച ഭാഗത്തിന് ഇളം ചുവപ്പും, വൃക്ഷച്ചുവട്ടിലെ ഭൂമിക്ക് ഇളം പച്ചയും, ഭവനത്തിനു മീതെ കാണാവുന്ന കൊമ്പുകൾക്കും കായലിലെ ജലത്തിനും പലതരം നീല നിറങ്ങളും, ഭവനങ്ങൾക്കും മലയ്ക്കും നീലവും ഓറഞ്ചും നിറങ്ങളും നൽകിയിരിക്കുന്നു. മലയുടെയും ഭവനത്തിന്റെയും ഉപരിതലങ്ങളെ ത്രികോണങ്ങൾ, റെക്ടാംഗിൾ (സമചതുരശ്രങ്ങൾ) എന്നീ ക്ഷേത്രഗണിത രൂപങ്ങളായി കാണാവുന്നതാണ്. കായലിലെ ജലത്തിൽ പ്രതിബിംബിച്ചു കാണാവുന്ന ഭവനങ്ങളുടെ നിഴലുകൾ റെക്ടാംഗിളിന്റെ രൂപമുള്ളവയാണ്. കോണുകളുടെ ക്ഷേത്രഗണിതരൂപങ്ങൾ മുഖേന ഘനമെന്ന പരിമാണത്തെ ധ്വനിപ്പിച്ചിരിക്കുന്നതിനു പുറമെ, ഈ ചിത്രത്തിന് മൗലികമായ മറ്റൊരു സ്വഭാവവുമുണ്ട്. അതു ചിത്രീകരിക്കുന്ന രംഗത്തിൽ വൃക്ഷവും വൃക്ഷശാഖകളും, മലയും ഭവനങ്ങളും നമുക്കു കാണാമെങ്കിലും ഇവ ഓരോന്നിന്റെയും അംശങ്ങളെ വിവരിക്കത്തക്കവണ്ണം അവ വ്യക്തമല്ലെന്നുള്ളതാണ് പ്രസ്തുത സ്വഭാവം. ചായം നിമിത്തം രൂപങ്ങളെ തിരിച്ചറിയുവാൻ വിഷമമുണ്ടെന്നുള്ള കുറ്റം ഇംപ്രഷണിസ്റ്റ് ചിത്രങ്ങളെ ബാധിച്ചിട്ടുണ്ടെന്ന് മുകളിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഈ ദൂഷ്യം സേസന്റെ ചിത്രങ്ങളിൽ ഒന്നിലും തന്നെ കാണുകയില്ല. അതിനാൽ ഇതു നിമിത്തമല്ല പ്രസ്തുത അവ്യക്തത സേസന്റെ ചിത്രങ്ങളിൽ കാണുന്നത്. ഇതിന് മറ്റൊരു കാരണമാണുള്ളത്. അത് സേസന്റെ കലാരീതിയുടെ മറ്റൊരു മൗലിക സ്വഭാവംകൊണ്ട് ജനിച്ചതാകുന്നു. സാമാന്യീകരണമാണ് ഈ സ്വഭാവം. സേസന്റെ ഈ സാമാന്യീകരണത്തിൽനിന്ന് ഇന്നത്തെ പാശ്ചാത്യ ചിത്രകലയിൽ മുകളിൽ പ്രസ്താവിച്ച എക്സ്പ്രഷനിസം എന്ന ഉപപ്രസ്ഥാനംകൂടി ജനിക്കുകയുണ്ടായി. എക്സ്പ്രഷനിസത്തിന് സാമാന്യീകരണാത്മകമായ കല (abstract art) എന്നും കൊടുത്തിട്ടുണ്ട്. ഇന്നത്തെ പാശ്ചാത്യ സാഹിത്യത്തിലെ ഒരു പ്രസ്ഥാനമായ എക്സ്പ്രഷണിസത്തെ മുൻ ലേഖനങ്ങളിൽ ഒന്നിൽ ഈ ലേഖകൻ വിവരിച്ചിരുന്നല്ലോ.



കളിക്കാരികൾ, പോൾ സേസൻ.



ഹെന്റി മതീസ്

ക്യൂബിസം എന്ന ഉപപ്രസ്ഥാനം സേസന്റെ ചിത്രകലാരീതിയിലെ ഒരു ഘടകമായ ഘനത്തെ അദ്ദേഹത്തിന്റെ ശിഷ്യന്മാർ പർവ്വതീകരിച്ചതിൽ നിന്ന് ജനിച്ചു എന്ന് മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. അതുപോലെ അദ്ദേഹത്തിന്റെ കലാരീതിയിലെ മറ്റൊരു ഘടകമായ സാമാന്യീകരണത്തെ അദ്ദേഹത്തിന്റെ മറ്റു ചില ശിഷ്യന്മാർ പർവ്വതീകരിച്ചതിൽ നിന്ന് ചിത്രകലയിലെ എക്സ്പ്രഷനിസം എന്ന ഉപപ്രസ്ഥാനം ജന്മമെടുത്തു. ഒരു രീതിയുടെ പർവ്വതീകരണത്തിൽ നിന്ന് അതിന്റെ സ്വഭാവം നല്ലപോലെ മനസ്സിലാക്കാമെന്ന തത്വമനുസരിച്ച്, സേസന്റെ സാമാന്യീകരണത്തെ ധ്വനിപ്പിക്കുവാനായി അതിന്റെ പർവ്വതീകരണമായ എക്സ്പ്രഷനിസത്തിൽപ്പെട്ട ഒരു ചിത്രത്തിന്റെ ഏകദേശഛായ രണ്ടാമത്തെ പടമായി ഇതിനോടുകൂടെ ചേർത്തിട്ടുണ്ട്. പോൾ ക്ലീ (Klee) എന്ന ഇന്നത്തെ പ്രസിദ്ധ ജർമ്മൻ എക്സ്പ്രഷനിസ്റ്റ് ചിത്രകാരന്റെ ഒരു ചിത്രത്തിന്റെ ഛായയാണിത്. ഇതിൽ മുമ്പോട്ട് വീണു കിടക്കുന്ന കഞ്ചുള്ള തൊപ്പി ധരിച്ച ഒരു മനുഷ്യന്റെ തലയും, കഴുത്തും ഒരു വശത്തും, ഒരു മത്സ്യം മറ്റൊരു മത്സ്യത്തെ വിഴുങ്ങുന്നത് മറ്റൊരു വശത്തും കാണാമെങ്കിലും, മുഖത്തിന്റെ മറ്റ് അംശങ്ങളൊന്നുംതന്നെ വിവരിക്കത്തക്കവണ്ണം വ്യക്തമാക്കിയിട്ടില്ല. അതുപോലെതന്നെ രണ്ടു മത്സ്യങ്ങളുടേയും ശരീരഭാഗങ്ങളും വിവരിക്കത്തക്കവണ്ണം വ്യക്തമല്ല. സേസന്റെ ചിത്രങ്ങളിൽ മുകളിൽ വിവരിച്ച രണ്ടു ഗുണങ്ങളായ ഘനീകരണത്തിനും (Crystallisation) സാമാന്യീകരണത്തിനും (Abstraction) പുറമെ ഇംപ്രഷണിസ്റ്റ് ചിത്രകാരരുടെ പ്രകാശാത്മകത്വവും, വർണ്ണങ്ങൾ ഉപയോഗിക്കുന്നതിലുള്ള അഭിരുചിയുംകൂടി കാണാമെന്നും ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ.



പോൾക്ലീ—ഗോൾഡ് ഫിഷ്.

സേസന്റെ മറ്റു ചില ചിത്രങ്ങൾ:



പാബ്ലോ പിക്കാസോ

'മൂന്നു തലയോട്ടുകൾ', 'വയ്യോൽ പൊതിഞ്ഞ കപ്പി', 'മഹാവൃക്ഷങ്ങൾ', 'കളിക്കാരികൾ', 'മാർൺ നദിയിലെ പാലം', 'പ്രൊവിൻസിലെ വൃക്ഷശ്രേണി' മുതലായവയാണ് സേസന്റെ മറ്റു പ്രസിദ്ധ ചിത്രങ്ങൾ. 'മൂന്നു തലയോട്ടുകൾ' എന്ന 'സ്റ്റിൽ ലൈഫ്' ചിത്രത്തിൽ അടിഭാഗം വയ്യോൽകൊണ്ട് പൊതിഞ്ഞ ഒരു കപ്പിയും, ഒരു വൈൻ ഗ്ലാസും, ഒരു ഭരണിയും കറ ഉരുണ്ട പഴങ്ങളും മേശവിരിപ്പുള്ള ഒരു മേശയിൽ ഇരിക്കുന്നതായി കാണിച്ചിരിക്കുന്നു. രണ്ടു വൻ മരങ്ങളെയും ഇവയുടെ നടുക്ക് നിൽക്കുന്ന ഒരു ചെറിയ വൃക്ഷത്തെയുമാണ് 'മഹാവൃക്ഷങ്ങൾ' എന്ന പടത്തിൽ ചിത്രീകരിച്ചിട്ടുള്ളത്. പല പ്രായങ്ങളിലുമുള്ള പതിമൂന്നു സ്ത്രീകൾ പൂർണ്ണ നഗ്നകളായി ഒരു പുഴയുടെ കരയിലുള്ള മൂന്നു വൃക്ഷങ്ങളുടെ ചുവട്ടിൽ ഇരിക്കുകയും, നില്ലുകയും, കിടക്കുകയും ചെയ്തിരിക്കുന്നത് കളിക്കാരികൾ എന്ന ചിത്രത്തിൽ കാണിച്ചിരിക്കുന്നു. ഈ ചിത്രങ്ങളിൽ സ്ത്രീകളുടെ രൂപം വരച്ചിട്ടുള്ളത് നന്നായിട്ടില്ല. മദ്ധ്യകാലങ്ങളിലെ സുപ്രസിദ്ധ ഇറ്റാലിയൻ ചിത്രകാരനായ ടിഷ്യന്റെ (Tition) 'അർബിനോയിലെ വീനസ്' പോലെയുള്ള ഒരു നഗ്നചിത്രം വരയ്ക്കണമെന്ന് സേസന് ആഗ്രഹമുണ്ടായിരുന്നു. തന്റെ യൗവനകാലത്ത് പാരീസിൽ വച്ചെടുത്ത നഗ്നകളായ സ്ത്രീകളുടെ ഫോട്ടോകളെ ആസ്പദിച്ച് അദ്ദേഹം പിൽക്കാലങ്ങളിൽ നഗ്നചിത്രങ്ങൾ വരയ്ക്കുവാൻ ശ്രമിച്ചുവെങ്കിലും, ഈ ശ്രമങ്ങൾ പരാജയത്തിൽ കലാശിക്കുകയാണ് ചെയ്തത്. ഇക്കാലത്ത് സേസൻ തന്റെ ഭാര്യയോടുകൂടി ഫ്രാൻസിലെ നാട്ടുമ്പുറത്ത് പാർത്തിരുന്നതിനാൽ, നഗ്നചിത്രത്തിന് മോഡലുകളായി നില്ക്കുവാൻ വേണ്ട യുവതികളെ ലഭിക്കുന്നതിന് അദ്ദേഹത്തിന് സാധിക്കാതെ വന്നു. ഇതിനായി പാരീസിൽ പോയി കുറെക്കാലം അവിടെ താമസിക്കുന്നതിന് അദ്ദേഹത്തിന്റെ ദാരിദ്ര്യം പ്രതിബന്ധമായി ഭവിക്കുകയും ചെയ്തു. തന്റെ മഹത്വം കലാലോകം അംഗീകരിക്കുന്നതിനുവേണ്ടി സേസനു മരണംവരെ കാത്തിരിക്കേണ്ടിവന്നു എന്നും, 20-ശതാബ്ദത്തിലെ പ്രഥമ ദശകത്തിൽ അംബ്രോയിസ് വെല്ലാഡ് എന്ന നിരൂപകന്റെ പ്രയത്നത്തിനുശേഷമേ അദ്ദേഹം പ്രസിദ്ധനായിത്തീർന്നുള്ളു എന്നുംകൂടി ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ.



മഹാവൃക്ഷങ്ങൾ, പോൾ സേസൻ.

സേസന്റെ കുറവ്

ടിഷ്യൻ

അംഗചിത്രത്തെ (Figure painting) സംബന്ധിച്ചുള്ള പ്രസ്തുത കുറവ് സേസന്റെ ചിത്രങ്ങളിൽ പൊതുവേ കാണുന്ന മറ്റൊരു സ്വഭാവമാണ്. സേസന്റെ ചിത്രങ്ങളിലെ മനുഷ്യരൂപങ്ങൾ ചിത്രകലയുടെ പ്രാഥമികതത്വങ്ങൾ നല്ലപോലെ ഗ്രസിച്ചിട്ടില്ലാത്ത ഒരുത്തൻ വരച്ചതുപോലെ തോന്നിക്കുന്നത് ചിത്രമെഴുത്തിൽ അദ്ദേഹത്തിനുള്ള സാമർത്ഥ്യക്കുറവ് നിമിത്തമാണെന്ന് സാധാരണയായി കലാനിരൂപകർ പറയാറുണ്ട്. എന്നാൽ 'മൂന്നു തലയോട്ടുകൾ' എന്ന മുകളിൽ പ്രസ്താവിച്ച സ്റ്റിൽ ലൈഫ്, അഥവാ അചേഷ്ടതാത്മക ചിത്രത്തിൽ സേസൻ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്ന ചിത്രകലാപാടവം കണ്ട് മറ്റു ചില കലാനിരൂപകർ ചിത്രമെഴുത്തിൽ അദ്ദേഹത്തിനുള്ള സാമർത്ഥ്യക്കുറവല്ല പ്രസ്തുത ദൂഷ്യത്തിന് കാരണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. തങ്ങളുടെ അത്യുന്നതങ്ങളായ പുതിയ ആദർശങ്ങൾ കലാസൃഷ്ടികൾ മുഖേന പ്രത്യക്ഷപ്പെടുത്താൻ വൈഷമ്യം തോന്നുന്ന കാലഘട്ടങ്ങൾ മഹാന്മാരായ പല കലാകാരന്മാരുടെയും ജീവിതത്തിൽ ഉണ്ടാകാറുണ്ടെന്നും, നടപ്പിലിരിക്കുന്ന സാങ്കേതിക മാർഗ്ഗങ്ങൾ മുഖേന പ്രസ്തുതാദർശങ്ങളെ പ്രത്യക്ഷപ്പെടുത്താൻ തുടങ്ങുമ്പോൾ അവ അതിന് അപര്യാപ്തങ്ങളാണെന്ന് അവർ മനസ്സിലാക്കുമെന്നും, ഉടനെ അവർ അതിന് പറ്റിയ സാങ്കേതിക മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ ശ്രമിക്കുമെന്നും, ഈ പര്യവേഷണത്തിൽ അവരിൽ പലരും പരാജയപ്പെട്ടുപോകുമെന്നും, ഇങ്ങനെയാണ് സേസന്റെ കാര്യത്തിൽ സംഭവിച്ചതെന്നും ഒടുവിൽ പറഞ്ഞ നിരൂപകർ വിചാരിക്കുന്നു. ഇതാണ് സേസനെ സംബന്ധിച്ച് ശരിയായിട്ടുള്ള വ്യാഖ്യാനം.



അർബിനോയിലെ വീനസ്, ടിഷ്യൻ.

സേസന്റെ മഹത്വം

അംബ്രോയിസ് വെല്ലാഡ്

ഒരു സാധനത്തിന്റെ ചിത്രമെഴുതാൻ തുടങ്ങുമ്പോൾ അതിന്റെ ബാഹ്യരൂപവും ആഭ്യന്തര ഘടനയും നല്ലപോലെ അപഗ്രഥിച്ച് പഠിച്ചതിനുശേഷമേ സേസൻ അതിനെ ചിത്രീകരിക്കുകയുള്ളൂ. അദ്ദേഹത്തിന്റെ ഭൂഭാഗചിത്രങ്ങളിലെ ഭൂഭാഗകാഴ്ചകളെല്ലാറ്റിന്റെയും ഫോട്ടോകൾ പിൽക്കാലത്ത് ഒരു ഫ്രഞ്ച് ഫോട്ടോഗ്രാഫർ എടുത്തിരുന്നു. ഈ ഫോട്ടോകളിലെ വൃക്ഷങ്ങൾ, മലകൾ മുതലായവയുടെ സാമാന്യരൂപങ്ങൾക്കും സേസൻ അവയ്ക്ക് തന്റെ ചിത്രങ്ങളിൽ നൽകിയിരുന്ന സാമാന്യരൂപങ്ങൾക്കും തമ്മിൽ സാരമായ യാതൊരു വ്യത്യാസവുമില്ലെന്നു കണ്ടുപിടിച്ചിട്ടുണ്ട്. തന്റെ വിഷയങ്ങളെ സേസൻ അതിസൂക്ഷ്മമായി പഠിച്ചിരുന്നു എന്ന് ഇത് സ്ഥാപിക്കുന്നുണ്ട്. ഇങ്ങനെ സാധനങ്ങളെ അപഗ്രഥിച്ച് പഠിച്ചതിനുശേഷം അവയെ ചിത്രീകരിക്കുവാൻ തുടങ്ങുമ്പോൾ തന്റെ കാലത്ത് നടപ്പിലിരിക്കുന്ന ചിത്രകലയിലെ സാങ്കേതിക മാർഗ്ഗങ്ങൾ തന്റെ ദർശനഫലത്തെ ശരിയായി ചിത്രീകരിക്കുവാൻ പര്യാപ്തമല്ലെന്ന് അദ്ദേഹം മനസ്സിലാക്കും. ഉദാഹരണമായി സേസൻ ഒരു ലതയുടെ ചിത്രം വരയ്ക്കുവാൻ തുടങ്ങുന്നു എന്നിരിക്കട്ടെ, ഒരു ലത വരയ്ക്കുന്നതിന് ചിത്രകല ഒരു ചടങ്ങു രൂപം സ്വീകരിച്ചിട്ടുണ്ട്. ഇത് ആ ലതയുടെ ആഭ്യന്തരഘടനയെ ചിത്രീകരിക്കുവാൻ മതിയാകുകയില്ലെന്ന് സേസന് തോന്നും. ഈ ഘടന ചിത്രീകരിക്കുവാൻ അദ്ദേഹം കോണുകളുള്ള ക്ഷേത്രഗണിത രൂപങ്ങളെ കാണിക്കുന്ന തന്റെ പുതിയ ഘനീകരണമാർഗ്ഗം ഉപയോഗിക്കുകയും ചെയ്യും. ആഭ്യന്തരഘടന മുഴുവനും കാണിക്കുന്നതിന് ഇതു മതിയാകുന്നില്ല എന്നുള്ളതാണ് വാസ്തവം തന്നെ. എന്നാൽ പഴയ കലാരീതി അതിനുള്ള മാർഗ്ഗങ്ങൾ ഒന്നുംതന്നെ നിർദ്ദേശിക്കാത്ത സ്ഥിതിയ്ക്ക്, സേസൻ അതിനൊരു മാർഗ്ഗം കണ്ടുപിടിച്ചത് ഒരു മഹത്തായ പ്രവൃത്തിയാണെന്ന് പറഞ്ഞേ മതിയാവൂ. ഇതിനാലാണ് ലോകത്തിലെ മഹാന്മാരായ ചിത്രകാരന്മാരുടെ ഇടയ്ക്ക് സേസന് ഒരു സ്ഥാനത്തിന് അർഹതയുള്ളതും. സേസന്റെ പ്രസ്തുത പുതിയ മാർഗ്ഗങ്ങൾക്ക് ശില്പത്തോട് സാദൃശ്യമുണ്ട്. പ്രകൃതിയാകുന്ന മണിമേടയെ കെട്ടിപ്പൊക്കുന്നതിനു പയോഗിച്ച മഞ്ചത്തിന്റെ (Scaffolding) രൂപം കണ്ടുപിടിച്ച് അതിന് തുല്യമായ ഒരു മഞ്ചം നിർമ്മിക്കുകയാണ് സേസൻ ചെയ്തത്. അദ്ദേഹത്തിന്റെ പുതിയ ചിത്രകലാ മാർഗ്ഗങ്ങൾക്ക് പാശ്ചാത്യലോകത്തിലെ ഇന്നത്തെ ശില്പകലാരീതിയെയും ഭേദപ്പെടുത്തുവാൻ സാധിച്ചിട്ടുള്ളത് അവയുടെ പ്രസ്തുത ശില്പകലാപരമായ സ്വഭാവം പ്രസ്പഷ്ടമാക്കുന്നുണ്ട്. ഒരു എടുപ്പിന്റെ ഉദ്ദേശത്തിന് മതിയാകത്തക്കവണ്ണമുള്ള പണികൾ മാത്രം ബാഹ്യാലങ്കാര രഹിതമായും, ലഘൂകരിച്ച രൂപത്തോടുകൂടിയും ചെയ്തുവരുന്ന ഇന്നത്തെ പുതിയ ശിൽപപ്രസ്ഥാനം സേസന്റെ പുതിയ ചിത്രകലയിൽനിന്ന് ജനിച്ചതാണുതാനും.



മൂന്നു തലയോട്ടുകൾ, പോൾ സേസൻ.

27-10-1940.

☐

സാമാന്യീകരണം: കേസരിയുടെ കൃതികളിൽ പലപ്പോഴും കാണുന്ന ഒരു പൊതു സ്വഭാവമാണ് 'നവീകരിച്ച്' പ്രസിദ്ധീകരിക്കുന്ന പതിപ്പുകളിൽ വരുന്ന തെറ്റുകൾ. അതിനാൽ പല വാക്കുകളും അതേപടി പകർത്തുകയാണ് നമ്മൾ ചെയ്യുന്നത്. വായനക്കാർക്ക് ഇതേപ്പറ്റി നിശ്ചയമുണ്ടെങ്കിൽ അതറിയിച്ചാൽ നമുക്ക് കേസരിയുടെ കൃതികൾ തെറ്റില്ലാതെ പ്രസിദ്ധീകരിക്കാൻ കഴിയും.

സായാഹ്ന പ്രവർത്തകർ.

കേസരി ബാലകൃഷ്ണപിള്ള



പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്നു കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാനൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കടിപ്പള്ളിക്കുടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ചു വക്കീലായി പ്രാക്ടീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

പത്രപ്രവർത്തനം

1922 മെയ് 14-നു സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-നു സമദർശിയുടെ പത്രാധിപത്യം രാജി വെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-നു പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്തംബർ 10-നു ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്തംബർ 18-നു തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-നു കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്യുന്നു.

സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹിബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

അവസാനകാലം

1942 സെപ്തംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യുളിസസ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പതു് പ്രഞ്ച കഥകൾ
- നാല് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ (നാലു വാള്യം)

ഡ്രോയിങ്: മധുസൂദനൻ
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014